**കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം**

എ3-18044/16 തീയതി-17.11.2017

**സർക്കുലർ നമ്പർ-32 /2017-18**

വിഷയം- കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ്- കുടിശ്ശിക വരുത്തിയ തൊഴിലുടമകളുടെ കുടിശ്ശിക ഡാമേജസ് ഉൾപ്പെടെ തിരിച്ചടവ് നടത്തുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന- 17.02.2017 ലെ സർക്കുലർ 41/2016-17.

ഡെപ്പോസിറ്റ് കുടിശ്ശിക വരുത്തിയിട്ടുള്ള തൊഴിലുടമകൾക്ക് റവന്യൂ റിക്കവറി നടപടി ഓൺലൈൻ വഴി സ്വീകരിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ സൂചന പ്രകാരം നൽകിയിരുന്നു. തൊഴിലുടമ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഇപ്പോൾ നിലനിൽക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ അക്കൗണ്ട്സ് ഓഫീസർ, സൂപ്രണ്ടുമാർ എന്നിവർ അറിയിച്ചിട്ടുള്ളത് പരിഗണിച്ച് താഴെ പറയുന്ന പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ മാസവും 3 - ാം തീയതിയ്ക്ക് ശേഷവും 5 - ാം തീയതി വരെ കുടിശ്ശിക നിലനിർത്തുന്ന തൊഴിലുടമകളിൽ നിന്നും 3% ഡാമേജസ് ഈടാക്കേണ്ടതാണ്.
2. എല്ലാ മാസവും 5 - ാം തീയതിയ്ക്ക് ശേഷവും 10 - ാം തീയതി വരെ കുടിശ്ശിക നിലനിർത്തുന്ന തൊഴിലുടമകളിൽ നിന്നും 10% ഡാമേജസ് ഈടാക്കേണ്ടതാണ്.
3. 10 - ാം തീയതിയ്ക്ക് ശേഷവും 20 - ാം തീയതി വരെ കുടിശ്ശിക നിലനിർത്തുന്ന തൊഴിലുടമകളിൽ നിന്നും 15% ഡാമേജസ് ഈടാക്കേണ്ടതാണ്.
4. 20 - ാം തീയതിയ്ക്ക് ശേഷവും കുടിശ്ശിക നിലനിർത്തുന്ന തൊഴിലുടമകളിൽ നിന്നും 20% ഡാമേജസ് ഈടാക്കേണ്ടതാണ്.
5. 30 - ാം തീയതിയ്ക്ക് ശേഷവും കുടിശ്ശിക അടവ് വരുത്താത്ത തൊഴിലുടമകൾക്ക് റിക്കവറി നോട്ടീസ് നൽകേണ്ടതും, നോട്ടീസ് കൈപ്പറ്റിയതിനു ശേഷവും കുടിശ്ശിക അടവ് വരുത്താത്ത പക്ഷം 25% ഡാമേജസ് ഉൾപ്പെടുത്തി ആർ.ആർ നോട്ടീസ് രജിസ്റ്റേഡ് തപാലിൽ നൽകേണ്ടതും, തുടർനടപടികൾ പദ്ധതി അനുശാസിക്കുന്ന പ്രകാരം സ്വീകരിക്കേണ്ടതും, റവന്യൂ റിക്കവറി നടപടി ഓൺ ലൈൻ വഴി സ്വീകരിച്ച് ബോർഡിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
6. ഈ വിഷയത്തിൽ ഇതുവരെ സൂചന പ്രകാരം കൈക്കൊണ്ട നടപടികൾ യാതൊരു കാരണവശാലും പുനഃപരിശോധിക്കുന്നതല്ല.

ടി വിഷയത്തിൽ അടിയന്തിര ശ്രദ്ധ നൽകി നടപടി സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകുന്നു.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് അക്കൗണ്ട്സ് ഓഫീസർമാർ (സബ് ഓഫീസ് തലത്തിൽ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്കുമാർ) ഉറപ്പു വരുത്തേണ്ടതാണ്.

ടി സർക്കുലറിലെ നിർദ്ദേശങ്ങൾ 01.12.2017 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

**സ്വീകർത്താവ്**

എല്ലാ കമ്മിറ്റി ചെയർമാന്മാർക്കും

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്